JAGRATHA 115

Vol-3 No: 40
01-12-2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. മൂല്യബോധമുള്ളവർ നേതൃത്വത്തിൽ വന്നില്ലെങ്കിൽ ക്രിമിനലുകൾ കയറിയിരിക്കും: മാർ ആൻഡ്രൂസ് താഴത്ത്

02. ബൈബിൾ പഠനം മാർഗദർശനമാകണം: മാർ ജോർജ് പുന്നക്കോട്ടിൽ

03. എയ്ഡഡ് വിദ്യാഭ്യാസമേഖലയെ തകർക്കാൻ ശ്രമം: മാർ ജോസഫ് പവ്വത്തിൽ

04. യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും ശക്തിയാകണം: മാർ ജോസഫ് പെരുന്തോട്ടം

05. അധ്യാപക നിയമനം വൈകിക്കുന്നത് സർക്കാരിന്റെ വിദ്യാർഥി വിവേചനം: ഇന്റർ ചർച്ച് കൗൺസിൽ

06. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക യൂണിവേഴ്സിറ്റികൾ അനുവദിക്കണം: കത്തോലിക്കാ കോൺഗ്രസ്

07. പുരോഹിതരുടെ സേവനം അഭിനന്ദനാർഹം: മാർ തോമസ് ചകൃത്ത്

### 01. മൂല്യബോധമുള്ളവർ നേതൃത്വത്തിൽ വന്നില്ലെങ്കിൽ ക്രിമിനലുകൾ കയറിയിരിക്കും: മാർ ആൻഡ്രൂസ്താഴത്ത്

മൂല്യബോധത്തിലൂന്നിനിന്ന് കത്തോലിക്ക യുവജനത സമൂഹത്തിന്റെ നേതൃനിരയിലേക്ക് വരണമെന്ന് തൃശൂർ അതിരൂപത ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. മൂല്യബോധമുള്ളവർ പൊതുരംഗത്തേക്കു വന്നില്ലെങ്കിൽ അവിടെ ക്രിമിനലുകൾ കയറിയിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തൃശൂർ ടൗൺഹാളിൽ കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ നടത്തിയ കത്തോലിക്ക യുവജനസംഗമത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ സ്വന്തം നാട് ഗുണ്ടകളുടെ സ്വന്തം നാടായിരിക്കുന്നു. ഇരിക്കേണ്ടവൻ ഇരിക്കേണ്ടിടത്ത് ഇരുന്നില്ലെങ്കിൽ അവിടെ വേറെ പലരും കയറിയിരിക്കും. രാഷ്ട്രവികസനത്തെക്കുറിച്ച് ശരിയായി അറിയണമെങ്കിൽ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനം വായിക്കണമെന്നും മാർ താഴത്ത് ഉദ്ബോധിപ്പിച്ചു. അവനവനോടുള്ള സ്നേഹവും തന്റെ ഗ്രൂപ്പുകാരോടുള്ള സ്നേഹവും മാത്രമേ ഇന്നത്തെ രാഷ്ട്രീയനേതൃത്വത്തിനുള്ളൂ. മതനിഷേധത്തിന്റെ പരിണിതഫലം കപടമതങ്ങളുടെ ആവിർഭാവവും മതതീവ്രവാദവുമാണ്. ക്രൈസ്തവർ കേരളത്തിനു നല്കിയ ചരിത്രം മറന്നതാണ് ക്രൈസ്തവർ ഇത്രയേറെ വേദനകൾ അനുഭവിക്കാൻ കാരണം. ചരിത്രം മറക്കരുതെന്നാണ് രാഷ്ട്രീയക്കാരോടു പറയാനുള്ളത്. കേരളത്തിലെ ക്രൈസ്തവരെ, ക്രൈസ്തവയുവജനതയെ ചിതറിക്കാൻ ശ്രമം നടക്കുന്നുണ്ട്. സഭാനേതൃത്വത്തോടു ചേർന്ന് ഒറ്റക്കെട്ടായി യുവജനത നിൽക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു.വരുന്ന ത്രിതലപഞ്ചായത്തു തെരഞ്ഞെടുപ്പിൽ സജീവമായി ഇടപെടുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കെസിവൈഎം സംസ്ഥാനപ്രസിഡന്റ് ജോസഫ് തോമസ് പറഞ്ഞു. കള്ളനാണയത്തിന്റെ

രണ്ടുവശങ്ങളാണ് ഇന്നത്തെ കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ. ഗുണ്ടകളെ വളർത്തി രാജ്യത്ത് സമാധാനക്കേടുണ്ടാകുന്നത് ഇവരാണെന്നും ജോസഫ് കുറ്റപ്പെടുത്തി. കെസിബിസി യൂത്ത് കമ്മീഷൻ ചെയർമാൻ ബിഷപ് റവ. ഡോ. വിൻസന്റ് സാമുവൽ വിഷൻ 20-20 പ്രഖ്യാപനം നടത്തി. ബിഷപ് മാർ ജയിംസ് പഴയാറ്റിൽ അനുഗ്രഹപ്രഭാഷണം നടത്തി. വൃക്കദാനം നടത്തിയ ഫാ. ഡേവിസ് ചിറമ്മലിനെ ആർച്ച്ബിഷപ് പൊന്നാടയണിയിച്ചു. പി.സി ചാക്കോ എംപി, അതിരൂപത വികാരി ജനറാൾ മോൺ. റാഫേൽ വടക്കൻ, കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ ജെയ്സൺ കൊള്ളന്നൂർ, സംസ്ഥാനജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ, കെസിവൈഎം അതിരൂപത ഡയറക്ടർ ഫാ. ഡേവിസ് പനംകുളം, ഐസിവൈഎം ആൻഡ് ഫിംകാപ് പ്രതിനിധി ഷീജ എസ്. വെള്ളനാട്, കെസിവൈഎം സംസ്ഥാന സെക്രട്ടറി സിബി ജോയ്, അതിരൂപത കാത്തലിക് യൂണിയൻ ഡയറക്ടർ ഫാ. വർഗീസ് തരകൻ, കാത്തലിക് യൂണിയൻ ആൻഡ് കെസിവൈഎം അതിരൂപത ചെയർമാൻ ഡേവിസ് പുത്തൂർ, കെസിവൈഎം പ്രസിഡന്റ് സജി ജോസഫ് ,തുടങ്ങിയവർ സംബന്ധിച്ചു. വൈകുന്നേരം റാലിയെത്തുടർന്നു നടന്ന സമ്മേളനത്തിൽ കെസിവൈ എം മുൻ സംസ്ഥാന പ്രസിഡന്റ് സണ്ണി കടൂത്താഴെ സമാപന സന്ദേശം നല്കി.

## 02. ബൈബിൾ പഠനം മാർഗദർശനമാകണം: മാർ ജോർജ് പുന്നക്കോട്ടിൽ

ബൈബിൾ പഠനം ജീവിതത്തിൽ മാർഗദർശനമാകണമെന്ന് ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസ് 2009 ന്റെ സംസ്ഥാനതല സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പിഒസി യിൽ നടന്ന മത്സരപരീക്ഷയുടെ സമാപനത്തിൽ വിജയികൾക്കുള്ള സമ്മാനദാനം ബിഷപ്പ് നിർവഹിച്ചു. ഏറ്റവും കൂടുതൽ മാർക്ക് നേടിയ ലോഗോസ് പ്രതിഭ ആന്റണി ആൻഡ്രൂസിന് (കൊല്ലം രൂപത) പാലയ്ക്കൽ കുടുംബയോഗം ഏർപ്പെടുത്തിയ തോമാ മല്പാൻ മെമ്മോറിയൽ കാഷ് അവാർഡ് 10,000 രൂപയും, രൂപതയ്ക്ക് എവർ റോളിംഗ് ട്രോഫിയും നൽകി. പരീക്ഷയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ആദ്യ രണ്ട് രൂപതകൾക്ക് കാഷ് അവാർഡും ട്രോഫിയും നൽകി. എറണാകുളം -അങ്കമാലി അതിരൂപതയ്ക്ക് വേണ്ടി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഡോ. ജിമ്മി പൂച്ചക്കാട്ടും, തൃശൂർ രൂപതയ്ക്ക് വേണ്ടി ഫാ.ലിജോ ചിറ്റിലപ്പള്ളിയുമാണ് അവാർഡ് ഏറ്റുവാങ്ങിയത്. ഇടവക തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത് യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയ അങ്കമാലി സെന്റ് ജോർജ് ബസലിക്കയ്ക്ക് വേണ്ടി റെക്ടർ ഫാ.ജോസഫ് കല്ലറക്കലും, പാവർട്ടി സെന്റ് ജോസഫസ് പള്ളിക്കുവേണ്ടി ഫാ.ലിജോയും, ഇരട്ടയാർ സെന്റ് തോമസ് ഫൊറോന പള്ളിക്കുവേണ്ടി വികാരി ഫാ.ജോസ് കോട്ടൂരും അവാർഡ് ഏറ്റുവാങ്ങി.

## 03. എയ്ഡഡ് വിദ്യാഭ്യാസമേഖലയെ തകർക്കാൻ ശ്രമം: മാർ ജോസഫ് പവ്വത്തിൽ

ഗവൺമെന്റ് സ്കൂളിലെ അധ്യാപക തസ്തികകൾക്കു മാത്രം അനുമതി നൽകുകയും അതേസമയം അതിലുംകൂടുതൽ കുട്ടികൾ പഠിക്കുന്ന എയ്ഡഡ് സ്കൂളുകളിലെ അധ്യാപക തസ്തികകൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സർക്കാർ നിലപാട് അംഗീകരിക്കാനാവില്ലെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. എയ്ഡഡ് മേഖലയോടുള്ള സർക്കാരിന്റെ വിവേചനമാണ് യഥാർഥത്തിൽ പാവപ്പെട്ട വിദ്യാർഥികൾക്കു ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം ഇല്ലാതാക്കുന്നത്. അതുകൊണ്ടുകൂടിയാണ് ഓരോവർഷവും കൂടുതൽ വിദ്യാർഥികൾ പണം മുടക്കി അൺഎയ്ഡഡ് സ്കൂളുകളിലേക്ക് പോകാനിടയാകുന്നതും. തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഒന്നാണ്. അതിൽ വിവേചനം കാട്ടുന്നത് രാഷ്ട്രീയലക്ഷ്യത്തോടെയാണ്. പൊതുവിദ്യാഭ്യാസം തകർക്കാൻ

കരാറെടുത്തതുപോലുള്ള നിലപാടുകളാണ് സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അതു നിർഭാഗ്യകരമാണ്. അധ്യാപകരെ അധ്യയനദിവസങ്ങളിൽ പരിശീലനപരിപാടികൾക്കയച്ചും സർക്കാരിന്റെ മറ്റു പഠനപരിപാടികൾക്കു നിയോഗിച്ചും വിദ്യാർഥികൾക്ക് പഠനദിവസങ്ങൾ നഷ്ടപ്പെടുത്തുന്ന പ്രവണതയും വർധിച്ചുവരികയാണ്. ഈവർഷം അനേകം അധ്യയനദിവസങ്ങൾ അങ്ങനെ നഷ്ടപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയെ തളർത്തുന്ന പരിപാടികളിൽനിന്ന് വിദ്യാഭ്യാസവകുപ്പ് പിന്തിരിയണമെന്ന് മാർ പവ്വത്തിൽ അഭ്യർഥിച്ചു.

## 04. യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും ശക്തിയാകണം: മാർ ജോസഫ് പെരുന്തോട്ടം

സഭയ്ക്കും സമൂഹത്തിനും ശക്തിസ്രോതസായി യുവജനങ്ങൾ വർത്തിക്കണമെന്നും മറ്റുള്ളവർക്ക് മാർഗദർശനം നൽകുന്ന ചൂണ്ടുപലകയായി മാറണമെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. അതിരൂപത യുവദീപ്തി-കെ.സി.വൈ.എം ന്റെ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. ദൈവഹിതമനുസരിച്ച് ലോകത്തിനു പ്രകാശമായി മാറേണ്ടവരാണ് യുവജനങ്ങൾ. ലോകത്തെ ശരിയായ പാതയിലൂടെ നയിക്കുക എന്നതാണ് ക്രൈസ്തവ ദൗത്യം. ഈ ദൗത്യത്തിൽ യുവജനങ്ങൾ സജീവ പങ്കാളികളാവണമെന്നും മാർ പെരുന്തോട്ടം പറഞ്ഞു. പ്രസിഡന്റ് ജോജി ഫ്രാൻസിസ് അധ്യക്ഷതവഹിച്ചു. ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ, സിസ്റ്റർ മേഴ്സിൻ എസ്.ഡി, സോണി സെബാസ്റ്റ്യൻ, എലിസബത്ത് അലക്സാണ്ടർ, റ്റിന്റോ കെ. എടയാടി എന്നിവർ പ്രസംഗിച്ചു. അതിരൂപതയുടെ 15 ഫൊറോനയിൽനിന്നുള്ള സെനറ്റ് അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

## 05. അധ്യാപക നിയമനം വൈകിക്കുന്നത് സർക്കാരിന്റെ വിദ്യാർഥി വിവേചനം: ഇന്റർ ചർച്ച് കൗൺസിൽ

കോളജുകളിൽ സെമസ്റ്റർ സമ്പ്രദായം ആരംഭിക്കുന്നതിനു മുമ്പ് അധ്യാപക നിയമനം പൂർത്തിയാക്കുമെന്നു നിരന്തരം ഉറപ്പുതന്ന സർക്കാർതന്നെ എയ്ഡഡ് കോളജുകളിലെ ആയിരത്തിൽപ്പരം അധ്യാപകനിയമനങ്ങൾ ഇപ്പോഴും തടഞ്ഞുവച്ചിരിക്കുന്നതിൽ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ നേതൃയോഗം ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തി. ചങ്ങനാശേരി ആർച്ച് ബിഷപ്സ് ഹൗസിൽ ചെയർമാൻ ആർച്ച് ബിഷപ് ജോസഫ് പവ്വത്തിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം വിദ്യാർഥി വിരുദ്ധവും സാമൂഹ്യവിരുദ്ധവുമായ ഈ നിലപാടിൽനിന്നും പിൻവാങ്ങണമെന്നു സർക്കാരിനോട് ആവശ്യപ്പെട്ടു. കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ, ജോസഫ് മാർ പക്കാമിയോസ് മെത്രാപ്പോലീത്ത, മോൺ. ഫിലിപ്പ് ഞരളക്കാട്ട്, കോർ എപ്പിസ്കോപ്പ കുറിയാക്കോസ് മൂലയിൽ വിവിധ സഭാപ്രതിനിധികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.വളരെയേറെ കൊട്ടിഘോഷിച്ചുകൊണ്ട് ആരംഭിച്ച സെമസ്റ്റർ സമ്പ്രദായത്തിൽ ആദ്യ സെമസ്റ്റർ പൂർത്തിയായി വിദ്യാർഥികളെ പരീക്ഷയിലേക്ക് തള്ളിവിട്ടിട്ടും അധ്യാപക നിയമനം നടക്കുന്നില്ല എന്നതു വിദ്യാർഥികളോടുകാട്ടുന്ന കടുത്ത അനീതിയാണ്. പല കോളജുകളിലും സ്ഥിരം അധ്യാപകരേക്കാൾ അധികം ദിവസക്കൂലിക്കാരായ അതിഥി അധ്യാപകരാണ് പഠിപ്പിക്കുന്നത്. വിദ്യാഭ്യാസരംഗം തകരുന്നതിനു മറ്റുകാരണങ്ങൾ അന്വേഷിക്കേണ്ട കാര്യമില്ല. സർക്കാർ കോളജുകളിൽ അധ്യാപക നിയമനം നടത്തുകയും അതിന്റെ ഇരട്ടിയോളം പാവപ്പെട്ട വിദ്യാർഥികൾ പഠിക്കുന്ന എയ്ഡഡ് കോളജുകളിലെ ആയിരക്കണക്കിന് അധ്യാപക നിയമനം തടഞ്ഞുവച്ചിരുക്കുകയും ചെയ്യുന്നതു വിദ്യാർഥികളോടു കാട്ടുന്ന വിവേചനമാണ്. ഏകജാലകത്തിൽ നടത്തുന്ന പ്രവേശനം മൂലവും, പരീക്ഷയും പരീക്ഷാഫലങ്ങളും താമസിക്കുന്നതുകൊണ്ടും കേരളത്തിൽ എല്ലാ കോഴ്സുകളും നീണ്ടുപോവുകയാണ്. ന്യൂനപക്ഷസംരക്ഷകരെന്നു നിരന്തരം മേനിപറയുന്ന സർക്കാർതന്നെ ന്യൂനപക്ഷങ്ങളുടെ കോളജുകളിലെ പ്രിൻസിപ്പൽ നിയമനങ്ങൾ അംഗീകരിക്കാതെ നിരന്തരം പീഡിപ്പിക്കുന്നു. സർക്കാരിന്റെ ഈവിധത്തിലുള്ള വിദ്യാർഥിവിരുദ്ധവും വിദ്യാഭ്യാസ വിരുദ്ധവുമായ നിലപാടുകൾ കാരണമാണ് ലക്ഷക്കണക്കിനു വിദ്യാർഥികൾ എല്ലാവർഷവും സംസ്ഥാനം വിടുകയും ഇവിടെയുള്ള കോളജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്നത്. ഇതിനെതിരേ ശക്തമായ പ്രചാരണവും പ്രതികരണവുമുണ്ടാകുമെന്നു സമ്മേളനം പ്രഖ്യാപിച്ചു.

## 06. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക യൂണിവേഴ്സിറ്റികൾ അനുവദിക്കണം: കത്തോലിക്കാ കോൺഗ്രസ്

സംസ്ഥാനത്ത് ന്യൂനപക്ഷ സർവകലാശാലകൾ അനുവദിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര വർക്കിംഗ് കമ്മിറ്റി യോഗം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ പൂർണമായും നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസരംഗത്ത് നേട്ടങ്ങൾ കൈവരിക്കാനും മാറിമാറിവരുന്ന ഗവൺമെന്റുകളുടെ വികലമായ പരിഷ്കാരങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും രക്ഷപ്പെടാനും കത്തോലിക്കാ സർവകലാശാല ആവശ്യമാണെന്നും യോഗം അഭിപ്രായപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് എം.ഡി ജോസഫ് മണ്ണിപ്പറമ്പിൽ അധ്യക്ഷനായിരുന്നു. റവ. ഡോ. ആന്റണി നിരപ്പേൽ, സെക്രട്ടറി ടോമി തുരുത്തിക്കര, അഡ്വ. ബിജു പറയനിലം, പ്രഫ. ജോസുകുട്ടി ഒഴുകയിൽ, പ്രഫ. വി.എ വർഗീസ്, എം.എം ജേക്കബ്, പ്രഫ. കെ.കെ ജോൺ, സൈബി അക്കര, പി.എ ആന്റണി, അഡ്വ. ടോണി ജോസഫ്, ബേബി മാത്യു, ജോസ് ജോർജ് ഇടുക്കി തുടങ്ങിയവർ പ്രസംഗിച്ചു.

## 07. പുരോഹിതരുടെ സേവനം അഭിനന്ദനാർഹം: മാർ തോമസ് ചക്യത്ത്

ആത്മീയരംഗങ്ങളിൽ നിസ്വാർഥമായി ശുശ്രൂഷചെയ്യുന്ന ക്രിസ്തീയ പുരോഹിതർ സാമൂഹിക സാസ്കാരികരംഗങ്ങളിൽ നല്കുന്ന സേവനം വളരെ അഭിനന്ദനാർഹമാണെന്ന് ബിഷപ് മാർതോമസ് ചക്യത്ത് . സീറോമലബാർ സഭയിലെ പൗരോഹിത്യ ജൂബിലി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയിലെ 27 രൂപതകളിൽനിന്നും വിവിധ സന്ന്യാസസമൂഹങ്ങളിൽനിന്നും പൗരോഹിത്യം സ്വീകരിച്ചവരിൽ ഈ വർഷം രജത, കനക ജൂബിലി ആഘോഷിക്കുന്നവരുടെ സംഗമമാണ് സംഘടിപ്പിച്ചത്. ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ റവ. ഡോ. മാത്യു വെള്ളാനിക്കൽ പൗരോഹിത്യ ജീവിതം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചു പ്രഭാഷണം നടത്തി. റവ.ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ വൈദിക സമർപ്പിത കമ്മീഷൻ സെക്രട്ടറി റവ. ഡോ. പോളി കണ്ണൂക്കാടൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ബലിയർപ്പണവും സനേഹവിരുന്നും ചർച്ചകളും നടന്നു. ഫാ. മാത്യു പുളിമൂട്ടിൽ, ഫാ ആന്റണി കൊള്ളന്നൂർ, ഫാ. പോളി കണ്ണൂക്കാടൻ, സിസ്റ്റർ തെരേസിറ്റ എസ്.എച്ച്, സിസ്റ്റർ നിർമ്മല എസ്.എച്ച് എന്നിവർ സമ്മേളനത്തിന് നേതൃത്വം നല്കി.

*************